# 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2022 ആഗസ്റ്റ് 29-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ**
**സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും**
**റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1112/2022.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | *പേജ്* |
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം: | | |
| | I. വിയോജനക്കുറിപ്പ് | .. | 3 |
| | II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്റ്റ് കമ്മിറ്റി VIII
# സാമ്പത്തിക കാര്യങ്ങൾ
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി.

ശ്രീ. വി. എൻ. വാസവൻ,
സഹകരണം-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി.

അംഗങ്ങൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയച്ച 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ (ബിൽ നമ്പർ 125) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ 2022 ജൂലൈ 20-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2022 ആഗസ്റ്റ് 24-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2022 ആഗസ്റ്റ് 24-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**ഖണ്ഡം- 2**

(i) 2-ാം ഖണ്ഡത്തിൽ "(ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ഒഴിവാക്കേണ്ടതാണ്.

(ii) 2-ാം ഉപഖണ്ഡത്തിൽ "സാമാന്യതയ്ക്ക് ഭംഗം വരാതെയും" എന്നതിന് ശേഷം ആദ്യം വരുന്ന "റവന്യൂ കമ്മി" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2022, ആഗസ്റ്റ് 24.

കെ. എൻ. ബാലഗോപാൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

അനുബന്ധം I

## വിയോജനക്കുറിപ്പ്

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പുതുക്കിയ റോഡ് മാപ്പിന് അനുസൃതമായി കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

കേരളത്തിൽ ധനസംബന്ധമായ ഉത്തരവാദിത്ത നിയമം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇതിന്റെ വ്യവസ്ഥകൾ പാലിക്കാൻ സർക്കാർ പരാജയപ്പെട്ടുകയാണ്. പൊതു കടം, ധനക്കമ്മി, റവന്യൂ കമ്മി എന്നിവ കുറച്ചുകൊണ്ടുവരാനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉണ്ടെങ്കിലും ഈ ധനസൂചികകൾ ക്രമാതീതമായി വർദ്ധിക്കുകയാണ്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2022-ലെ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 3,32,291 കോടി രൂപയാണ്. ഇന്ത്യൻ സംസ്ഥാനങ്ങളുടെ ശരാശരി ധനക്കമ്മി നിരക്ക് 2.5 ശതമാനമാണ്, ഇത് ധനസംബന്ധമായ ഉത്തരവാദിത്ത നിയമങ്ങളുടെ പരിധിയായ മൂന്ന് ശതമാനത്തേക്കാൾ കുറവാണ്. എന്നാൽ കേരളത്തിലെ ധനക്കമ്മി ദേശീയ ശരാശരിയിലും മുകളിലാണ്. 2021-22 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ ധനക്കമ്മി ജി.എസ്.ഡി.പി.യുടെ അനുപാതത്തിൽ 4.17 ശതമാനമായിരുന്നു.

സർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെയും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുടെയും പരിണിത ഫലമായി സാമ്പത്തിക അച്ചടക്കം പാലിക്കാൻ സാധിക്കാത്തതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

**എൻ. ഷംസുദ്ദീൻ** (ഒപ്പ്)

അനുബന്ധം II

# 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്

[നക്ഷത്രചിഹ്നം ഒഴിവാക്കലിനെ സൂചിപ്പിക്കുന്നു]

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത

ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് (2003-ലെ 29) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) [***] 4-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, [***] 2021-2022 മുതൽ 2025-2026 വരെയുള്ള വർഷങ്ങളിൽ സർക്കാർ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതും;

(എ) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 0.5 ശതമാനം, 0.8 ശതമാനം, 1.2 ശതമാനം, 1.7 ശതമാനം, 2.5 ശതമാനം എന്നീ ക്രമത്തിൽ റവന്യൂ മിച്ചം വർദ്ധിപ്പിക്കേണ്ടതാണ്. ധനക്കമ്മി പരിധിയ്ക്കുള്ളിൽ ലക്ഷ്യമാക്കുന്ന വായ്പാ തുക പൂർണ്ണമായും ആസ്തി വികസനത്തിനായി ചെലവഴിക്കേണ്ടതാണ്.

(ബി) 2021-2022, 2022-2023, 2023-2024, 2024-2025 എന്നീ വർഷങ്ങളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 4.5 ശതമാനം, 4 ശതമാനം, 3.5 ശതമാനം, 3.5 ശതമാനം എന്നീ ക്രമത്തിൽ കുറയ്ക്കുകയും 2025-2026-ൽ ഇത് 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്.

കുറിപ്പ്:—(i) മൂലധന ചെലവിനത്തിലധിഷ്ഠിതമായ 0.5 ശതമാനം വായ്പയും 2021-2022 മുതൽ 2024-2025 വരെയുള്ള കാലയളവിൽ ഊർജ്ജമേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പാ പരിധിയായ 0.5 ശതമാനവും ഉൾപ്പെടുന്നതാണ് മേൽപ്പരാമർശിച്ച ധനക്കമ്മിയുടെ ഉയർന്ന പരിധി.

(ii) സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള മൂലധന ചെലവിനത്തിലെ ലക്ഷ്യങ്ങൾ സംസ്ഥാനം കൈവരിക്കുന്ന പക്ഷം മൂലധനചെലവിനധിഷ്ഠിതമായ വായ്പയെടുക്കുവാൻ സംസ്ഥാനം അർഹമാകുന്നതാണ്. ഊർജ്ജമേഖലയിലെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പയ്ക്ക് അർഹമാകുന്നതിന് സംസ്ഥാനം ഓരോ വർഷത്തേക്കും നിഷ്കർഷിച്ചിട്ടുള്ള പ്രാഥമിക തലത്തിലുള്ള എല്ലാ വ്യവസ്ഥകളും പ്രവർത്തനമികവ് വിലയിരുത്തൽ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

(iii) ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിന്റെ ആദ്യ നാലു വർഷങ്ങളിൽ (2021-2022 മുതൽ 2024-2025 വരെ) ഏതെങ്കിലും പ്രത്യേക വർഷത്തിൽ, അനുവദിച്ച വായ്പാപരിധി (ഊർജ്ജമേഖലയിലെ വായ്പ ഒഴികെ) പൂർണ്ണമായും വിനിയോഗിക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ലെങ്കിൽ, ഉപയോഗിക്കാത്ത വായ്പാ തുക ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിനുള്ളിൽ തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.

(സി) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 34.7 ശതമാനം, 34.5 ശതമാനം, 33.7 ശതമാനം, 32.8 ശതമാനം, 32 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്".

**എ. എം. ബഷീർ,**
*സെക്രട്ടറി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2022, ആഗസ്റ്റ് 24.